**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: 2302 12.03.2020-ൽ മറുപടിക്ക്

## സംസ്ഥാനത്തെ ഭൂരഹിതമായ ആദിവാസികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ. ആർ. കേളു :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ ഭൂരഹിതമായ ആദിവാസികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ; | എ) | ലൈഫ് മിഷൻ മൂന്നാംഘട്ട പ്രകാരം ഭൂരഹിതരായ ഭവനരഹിതർക്ക് വീട് അനുവദിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ 2020 ജനുവരി മാസം നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികളുടെ എണ്ണം കണക്കാക്കുകയുണ്ടായി. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം - 1 ആയി ചേർക്കുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകി എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' പദ്ധതി പ്രകാരം 273 പേർക്ക് 149.03 ഏക്കർ ഭൂമിയും, ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 205 പേർക്ക് 25.74 ഏക്കർ ഭൂമിയും വിലയ്ക്ക് വാങ്ങി നൽകി. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം - 2 ആയി ചേർക്കുന്നു. |
| സി) | സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ? | സി) | കാസർഗോഡ്, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, എറണാകുളം, കോട്ടയം ജില്ലകളിലായി 53.62 ഏക്കർ ഭൂമി വാങ്ങുന്നതിന് സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ മലപ്പുറം, പാലക്കാട്, എറണാകുളം ജില്ലകളിൽ ഭൂമി ടി.ആർ.ഡി.എം ജില്ലാ മിഷൻ ചെയർമാനായ ജില്ലാ കളക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷനായുള്ള ജനകീയ സമിതി ഗുണഭോക്തൃ പട്ടിക അംഗീകരിച്ചാലുടൻ ഈ ഭൂമി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതാണ്. മറ്റു ജില്ലകളിൽ വിവിധ തലങ്ങളിൽ പരിശോധനകൾ നടന്നുവരികയാണ്. SLEC അംഗീകാരം ലഭിച്ചതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം - 3 ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-1

## ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ

| ക്രമ നം | ജില്ല | ഭൂരഹിതരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 22 |
| 2 | കൊല്ലം | 124 |
| 3 | പത്തനംതിട്ട | 335 |
| 4 | ആലപ്പുഴ | 334 |
| 5 | കോട്ടയം | 199 |
| 6 | ഇടുക്കി | 328 |
| 7 | എറണാകുളം | 220 |
| 8 | തൃശ്ശൂർ | 151 |
| 9 | പാലക്കാട് | 791 |
| 10 | മലപ്പുറം | 626 |
| 11 | കോഴിക്കോട് | 94 |
| 12 | വയനാട് | 3051 |
| 13 | കണ്ണൂർ | 334 |
| 14 | കാസർഗോഡ് | 564 |
| | **ആകെ** | 7173 |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

### ഭൂമി വാങ്ങി നൽകിയത് ([illegible])

| ക്രമ നം | ജില്ലയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | വാങ്ങി നൽകിയ ഭൂമിയുടെ അളവ് (ഏക്കറിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 0 |
| 3 | ആലപ്പുഴ | 1 | 2.8675 |
| 4 | പത്തനംതിട്ട | 28 | 7.135 |
| 5 | കോട്ടയം | 36 | 9.245 |
| 6 | ഇടുക്കി | 9 | 7.92236 |
| 7 | എറണാകുളം | 11 | 2.34 |
| 8 | തൃശ്ശൂർ | 4 | 1 |
| 9 | കോഴിക്കോട് | 0 | 0 |
| 10 | പാലക്കാട് | 26 | 6.5893 |
| 11 | അട്ടപ്പാടി | 0 | 0 |
| 12 | മലപ്പുറം | 0 | 0 |
| 13 | കണ്ണൂർ | 0 | 0 |
| 14 | വയനാട് - കൽപ്പറ്റ | 7 | 2.51 |
| 15 | ബത്തേരി | 0 | 0 |
| 16 | മാനന്തവാടി | 7 | 2.79 |
| 17 | കാസർഗോഡ് | 144 | 106.64 |
| | ആകെ | 273 | 149.03916 |

### ലാന്റ് ബാങ്ക് പദ്ധതി

| ക്രമ നം | ജില്ലയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | വാങ്ങി നൽകിയ ഭൂമിയുടെ അളവ് (ഏക്കറിൽ) |
|---|---|---|---|
| 1 | മലപ്പുറം | 34 | 5.27 |
| 2 | വയനാട് | 171 | 20.47 |
| | ആകെ | 205 | 25.74 |

സെക്ഷൻ ഓഫീസർ

## അനുബന്ധം 3

## ലാന്റ് ബാങ്ക്

| ക്രമം നം | ജില്ല | SLEC അംഗീകാരം ലഭിച്ച ഭൂമിയുടെ അളവ് |
|---|---|---|
| 1 | കാസർഗോഡ് | 20.82 A |
| 2 | മലപ്പുറം | 5.27 A |
| 3 | പാലക്കാട് | 8.02 A |
| 4 | കോട്ടയം | 2.15 A |
| 5 | എറണാകുളം | 6.24 A |
| 6 | കോഴിക്കോട് | 3.79 A |
| 7 | വയനാട് | 7.33 A |
| | ആകെ | 53.62 A |

സെക്ഷൻ ഓഫീസർ